**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *505 — 23.07.2015 ൽ മറുപടിക്ക്

## യാത്രാസൗകര്യം വർദ്ധിപ്പിക്കാൻ പഠനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, പി.ഉബൈദുള്ള<br>,, സി.മമ്മൂട്ടി : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റെയിൽവേ സംബന്ധമായ വരുംകാല ആവശ്യങ്ങളെക്കുറിച്ച് പഠനം നടത്താൻ ഉദ്ദേശമുണ്ടോ; | (എ) | ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. പക്ഷെ ഓരോ വർഷവും റയിൽവേ ബഡ്ജറ്റിനു മുന്നോടിയായി സംസ്ഥാനത്തിന്റെ റയിൽവേ സംബന്ധമായ വരുംകാല ആവശ്യങ്ങൾ കേരളത്തിലെ എം.പി മാരുടേയും റയിൽവേ ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്ത് നിവേദനം തയ്യാറാക്കി കേന്ദ്ര റയിൽ മന്ത്രാലയത്തിനും കേന്ദ്ര സർക്കാരിനും സമർപ്പിച്ച് വരുന്നുണ്ട്. |
| (ബി) | സംസ്ഥാനം നേരിടുന്ന സ്ഥല ലഭ്യതയുടെ പരിമിതി മറി കടക്കാൻ നിലവിലുള്ള സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തി യാത്രാ സൗകര്യം വർദ്ധിപ്പിക്കാനുള്ള പദ്ധതികളെന്തെങ്കിലും പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റെയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ ഹരിപ്പാട് വരെ ഓട്ടോമാറ്റിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തിക്കൊണ്ടും മെമു/ ഡെമു റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് 01.01.2013- ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതി യുടെ സാധ്യതാ പഠനം മുംബൈ റെയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് (MRVC) എന്ന പൊതുമേഖലാ കമ്പനിയെ ഏല്പിക്കു കയും അവർ ടി പദ്ധതിയുടെ സാധ്യതാ പഠനം നടത്തിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കുന്നതിനായി, 50% തുല്യ ഓഹരി പങ്കാളിത്തത്തിൽ സംസ്ഥാന സർക്കാരും ഇൻഡ്യൻ റയിൽവേയും കൂടി ചേർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായി ഒരു കരട് ധാരണാ പത്രവും (MOU) കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾക്കായി കേന്ദ്ര സർക്കാരിന്റെ മറുപടി പ്രതീക്ഷിക്കുന്നു. |
| (സി) | ഇക്കാര്യങ്ങൾ സംബന്ധിച്ച് വിശദമായ പഠനം നടത്താനും, വികസനം വേണ്ട മേഖലകൾ കണ്ടെത്താനും സംവിധാനം ഏർപ്പെടുത്തുമോ ? | (സി) | തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെയുള്ള പദ്ധതി നടപ്പാക്കുന്നതിനോടനുബന്ധിച്ച് രണ്ടാംഘട്ടമായി അത് എറണാകുളത്തേയ്ക്കോ മലബാറിലേയ്ക്കോ ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ